www.societytodaynews.com

2026
OCTOBER
10
SATURDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# രാജ്യത്തുടനീളം ഇന്റർനെറ്റ് എത്തിക്കാൻ റിലയൻസ് ജിയോ

## 1600 ഉപഗ്രഹങ്ങളും 23 ഗ്രൗണ്ട് സ്റ്റേഷനുകളും ഉടൻ

**മുംബൈ:** ഭൂഗർഭ കേബിളുകളും മൊബൈൽ കേബിളുകളും എത്താൻ ബുദ്ധിമുട്ടുള്ള വിദൂര മേഖലകളിലേക്ക് അതിവേഗ ഇൻറർനെറ്റ് സേവനം ലഭ്യമാക്കുന്നതിനായി 1,600 ഉപഗ്രഹങ്ങൾ വിക്ഷേപിക്കാൻ റിലയൻസ് ജിയോ പദ്ധതിയിടുന്നു.

അതിന്റെ ഭാഗമായി രാജ്യത്തുടനീളം 23 ഗ്രൗണ്ട് സ്റ്റേഷനുകൾ സ്ഥാപിക്കാനും കമ്പനി ലക്ഷ്യമിടുന്നു. ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യ മൊബൈൽ കോൺഗ്രസ് (ഐഎംസി 2026) വേദിയിലാണ് ”സൊവ്റിൻ സാറ്റലൈറ്റ് കണക്റ്റിവിറ്റി” എന്ന ആശയത്തിനു കീഴിൽ ജിയോ തങ്ങളുടെ ഭാവി പദ്ധതികൾ പ്രദർശിപ്പിച്ചത്.

ഭൂമിയോട് അടുത്ത ഭ്രമണപഥത്തിൽ (ലോ എർത്ത് ഓർബിറ്റ്) കറങ്ങുന്ന ഉപഗ്രഹ ശൃംഖലയാണ് ജിയോ വിഭാവനം ചെയ്യുന്നത്. ഉപഗ്രഹങ്ങളുടെ രൂപകൽപന, നിർമാണം, പരീക്ഷണം, വിക്ഷേപണം, നിയന്ത്രണം എന്നിവയെല്ലാം പൂർണമായും ഇന്ത്യയിൽതന്നെ നടപ്പാക്കുക എന്നതാണ് കമ്പനിയുടെ ലക്ഷ്യം.

ഇന്ത്യയിലുടനീളം സ്ഥാപിക്കുന്ന 23 ഗ്രൗണ്ട് സ്റ്റേഷനുകൾ വഴി ഈ ഉപഗ്രഹ ശൃംഖലയെ നിലവിലെ മൊബൈൽ ടവർഫൈബർ ശൃംഖലകളുമായി ബന്ധിപ്പിക്കും. മൊബൈൽ ടവറുകൾ എത്തിച്ചേരാൻ കഴിയാത്ത ദുർഘട പ്രദേശങ്ങളിലും ഇതിലൂടെ തടസമില്ലാത്ത നെറ്റ്‌വർക്ക് ഉറപ്പാക്കാൻ സാധിക്കും.

കരയിലും കടലിലുമായി രാജ്യത്ത് 100 ശതമാനം കവറേജും ആറു ലക്ഷത്തിലധികം ഗ്രാമങ്ങളിലേക്ക് തടസമില്ലാത്ത ഇൻറർനെറ്റും എത്തിക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

വിദൂരഗ്രാമങ്ങൾ, ദ്വീപുകൾ, അതിർത്തി കാവൽ കേന്ദ്രങ്ങൾ എന്നിവയ്ക്കാണ് മുൻഗണന നൽകുന്നത്. കൂടാതെ വ്യോമയാനം, സമുദ്ര ഗതാഗതം, ദുരന്ത നിവാരണം, പ്രതിരോധം എന്നീ മേഖലകളിലും ഈ സേവനം വലിയ മാറ്റമുണ്ടാക്കും.

ഗ്രാമീണ മേഖലകളിൽ പ്രത്യേക ഉപകരണങ്ങളുടെ സഹായമില്ലാതെ നേരിട്ട് ഫോണുകളിലേക്ക് വിളിക്കാൻ സഹായിക്കുന്ന ഡയറക്ട്ടു ഡിവൈസ് കോളിംഗ് സൗകര്യവും പദ്ധതിയുടെ ഭാഗമായി ജിയോ ലക്ഷ്യമിടുന്നുണ്ട്. നിലവിൽ ഈ പദ്ധതി പ്രാരംഭ നിർദേശങ്ങളുടെ ഘട്ടത്തിലാണ്.

# സ്റ്റാർലിങ്കിന് വിവേചനമെന്ന മസ്കിന്റെ ആരോപണം തള്ളി കേന്ദ്രം



**ന്യൂദൽഹി:** ഇന്ത്യയിൽ ഉപഗ്രഹ അധിഷ്ഠിത ഇൻറർനെറ്റ് സേവനങ്ങൾ ആരംഭിക്കുന്നതിൽ സ്റ്റാർലിങ്ക് വിവേചനം നേരിടുന്നുവെന്ന അമേരിക്കൻ ശതകോടീശ്വരൻ ഇലോൺ മസ്കിന്റെ ആരോപണങ്ങൾ തള്ളി കേന്ദ്ര സർക്കാർ.

രാജ്യത്തെ ടെലികോം നിയന്ത്രണ സംവിധാനങ്ങൾ അങ്ങേയറ്റം സുതാര്യവും വിവേചനരഹിതവുമാണെന്ന് കേന്ദ്ര വാർത്താവിനിമയ, വിവരസാങ്കേതികവിദ്യാ മന്ത്രാലയം വ്യക്തമാക്കി.

സ്വന്തം കുത്തകാവകാശം നിലനിർത്താൻ ആഗ്രഹിക്കുന്ന ചില വ്യവസായികളുടെ സമ്മർദം മൂലം വാണിജ്യാടിസ്ഥാനത്തിലുള്ള ഉപഗ്രഹ ആശയവിനിമയ സേവന പദ്ധതികൾ ഇന്ത്യ തടയുകയാണെന്നായിരുന്നു മസ്കിന്റെ ആരോപണം.

നിലവിൽ ടെലികോം ലൈസൻസ് അനുവദിച്ചിട്ടുള്ളത് ഉപഗ്രഹങ്ങൾ വഴിയുള്ള ഗ്ലോബൽ മൊബൈൽ പേഴ്സണൽ കമ്യൂണിക്കേഷൻ സേവനങ്ങൾ നൽകുന്ന മൂന്ന് കമ്പനികൾക്കാണ്.

ഈ മൂന്ന് കമ്പനികളുടെയും സുരക്ഷാപരിശോധനകൾ പുരോഗമിക്കുകയാണ്. പൂർത്തിയാകുന്ന മുറയ്ക്കു മാത്രമേ ലൈസൻസ് ലഭിച്ച കമ്പനികൾക്ക് സ്പെക്ട്രം അനുവദിക്കുന്ന അടുത്ത ഘട്ടത്തിലേക്ക് കടക്കാനാകൂ.

ഈ സാഹചര്യത്തിൽ ഉപഗ്രഹ ആശയവിനിമയ സേവനങ്ങൾക്കായുള്ള നിയന്ത്രണ സംവിധാനമോ അതിൻറെ നടപടികളോ പക്ഷപാതപരവും വിവേചനപരവുമാണെന്ന പ്രചാരണം വസ്തുതാവിരുദ്ധവും തെറ്റിദ്ധാരണാജനകവുമാണെന്നും മന്ത്രാലയം വ്യക്തമാക്കി.സ്റ്റാർലിങ്ക്, ഭാരതി എയർടെലിൻറെ യൂട്ടെൽസാറ്റ് വൺ വെബ്, ജിയോ സാറ്റലൈറ്റ് കമ്യൂണിക്കേഷൻസ് എന്നീ കമ്പനികൾക്കാണ് ഇപ്പോൾ ലൈസൻസ് നൽകിയിരിക്കുന്നത്. ഉപയോക്താക്കളുടെയും അവർക്കു ലഭിക്കുന്ന ഡാറ്റയുടെയും സുരക്ഷ ഉറപ്പുവരുത്താനുള്ള വ്യവസ്ഥകൾ കമ്പനികൾ പൂർണമായും പാലിക്കേണ്ടതുണ്ട്.

# എഐ തരംഗത്തിൽ റിക്കാർഡ് കുതിപ്പുമായി സാംസംഗ്: പാദവാർഷിക ലാഭം 80 ബില്യൺ ഡോളർ കടക്കും

**സിയൂൾ:** നിർമിത ബുദ്ധി (എഐ) മേഖലയിലുണ്ടായ വൻ വളർച്ചയുടെ കരുത്തിൽ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ലാഭപ്രവചനവുമായി ദക്ഷിണ കൊറിയൻ ടെക് ഭീമനായ സാംസംഗ് ഇലക്ട്രോണിക്സ്.നടപ്പ് സാമ്പത്തികവർഷത്തിലെ മൂന്നാം പാദത്തിൽ (ജൂലൈ-സെപ്റ്റംബർ) കമ്പനിയുടെ പ്രവർത്തനലാഭം 107.4 ട്രില്യൺ വോൺ (ഏകദേശം 80.17 ബില്യൺ യുഎസ് ഡോളർ) തൊടുമെന്ന് സാംസംഗ് വ്യക്തമാക്കി.ലോകത്ത് ഒരു ടെക്നോളജി കമ്പനി നേടുന്ന ഏറ്റവും ഉയർന്ന പാദവാർഷിക ലാഭമാണിത്.




# പുരപ്പുറ സോളർ: 60 ലക്ഷം കടന്ന് പിഎം സൂര്യഘർ

**ന്യൂദൽഹി:** പിഎം സൂര്യഘർ മുഫ്ത് ബിജ്‌ലി യോജന പ്രകാരം രാജ്യത്ത് പുരപ്പുറ സോളർ സ്ഥാപിച്ച വീടുകളുടെ എണ്ണം 60 ലക്ഷം കടന്നു. കേന്ദ്ര പുനരുപയോഗ ഊർജ മന്ത്രാലയത്തിന്റെ കണക്കുപ്രകാരം 60.74 ലക്ഷം വീടുകളിൽ പുരപ്പുറ സോളറുണ്ട്. മൊത്തം സ്ഥാപിതശേഷി 17,915.31 മെഗാവാട്ടാണ്.

2027 മാർച്ചോടെ ഒരുകോടി വീടുകളിൽ പുരപ്പുറ സോളർ സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 60 ലക്ഷം കടന്നതോടെ ലക്ഷ്യത്തിന്റെ 60% കാണാൻ ഇതിനകം കഴിഞ്ഞു. 2024 ഫെബ്രുവരിയിലാണ് പദ്ധതിയുടെ തുടക്കം. 75,021 കോടി രൂപയാണ് പദ്ധതിക്കായി കേന്ദ്രം നീക്കിവച്ചിരിക്കുന്നത്. ആദ്യ ഒരുലക്ഷം ഉപഭോക്താക്കളെ നേടാൻ 118 ദിവസമെടുത്തിരുന്നു. ഇപ്പോൾ ഓരോ 6 ദിവസവും ഒരുലക്ഷത്തിലധികം പേർ പദ്ധതിയിൽ ചേരുന്നുണ്ട്. സോളർ മാനുഫാക്ചറിങ്, സ്ഥാപനം, മെയിന്റനൻസ് തുടങ്ങിയ വിഭാഗങ്ങളിലായി നേരിട്ടും പരോക്ഷമായും 17 ലക്ഷം പേർക്ക് പദ്ധതിവഴി ജോലി ലഭിക്കുമെന്നുമാണ് കേന്ദ്രം കരുതുന്നത്.സബ്സിഡി നേട്ടത്തിന് പുറമേ വൈദ്യുതി ബില്ലിൽ വലിയ നേട്ടമുണ്ടാക്കാനും പിഎം സൂര്യഘറിലൂടെ ഉപഭോക്താക്കൾക്ക് കഴിഞ്ഞെന്നാണ് കേന്ദ്രം പറയുന്നത്. മൊത്തം 60 ലക്ഷം വീടുകളിൽ 20.7 ലക്ഷം വീടുകളിലും ഇപ്പോൾ വൈദ്യുതി ബിൽ പൂജ്യമാണ്. രാജ്യത്ത് പിഎം സൂര്യഘർ പുരപ്പുറ സോളർ സ്ഥാപിച്ച സംസ്ഥാനങ്ങളിൽ 4ാം സ്ഥാനത്താണ് കേരളം. 3.77 ലക്ഷം വീടുകളിലായി 1432.77 മെഗാവാട്ടാണ് സ്ഥാപിതശേഷി. ഗുജറാത്ത്, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നിവയാണ് കേരളത്തേക്കാൾ മുന്നിലുള്ളത്.

# ഇന്ദിരാഗാന്ധി ചാമ്പ്യൻസ് ബോട്ട് ലീഗ് 2026 ഇന്ന്

## വള്ളംകളിയുടെ ആവേശത്തിൽ നാടും നഗരവും

**കൊച്ചി:** കേരളത്തിന്റെ ജലകായിക പാരമ്പര്യത്തിന് ആവേശം പകരുന്ന ഇന്ദിരാഗാന്ധി ചാമ്പ്യൻസ് ബോട്ട് ലീഗ് 2026 ആറാം പാദ മത്സരവും ഇന്ദിരാഗാന്ധി വള്ളംകളിയും ഇന്ന് ശനിയാഴ്ച എറണാകുളം മറൈൻ ഡ്രൈവിൽ നടക്കും. വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജലോത്സവത്തിന്റെ ചടങ്ങുകൾ ഉച്ചയ്ക്ക് 12 മണിക്ക് ആരംഭിക്കും. പൊതുസമ്മേളനത്തിന് ശേഷം മാസ്സ് ഡ്രില്ലിന്റെ അകമ്പടിയോടെ വള്ളംകളി മത്സരങ്ങൾ ആരംഭിക്കും.

ടി. ജെ. വിനോദ് എം.എൽ.എ അധ്യക്ഷതയിൽ മന്ത്രി റോജി എം. ജോൺ ഉദ്ഘാടനം ചെയ്യും

ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ ചടങ്ങ് ഉദ്ഘാടനം ചെയ്യും. ടി. ജെ. വിനോദ് എം.എൽ.എ അധ്യക്ഷത വഹിക്കും. ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ്, സാമൂഹ്യനീതി വകുപ്പ് മന്ത്രി വി. ഇ. അബ്ദുൽ ഗഫൂർ സന്ദേശം നൽകും.

എം.പി. ഹൈബി ഈഡനും മേയർ മിനിമോൾ വി. കെ.യും മുഖ്യാതിഥികളാകും. ടൂറിസം വകുപ്പ് ജോയിന്റ് ഡയറക്ടർ ഗിരീഷ്കുമാർ ഡി. സ്വാഗതം ആശംസിക്കും. എം.എൽ.എമാരായ ഉമാ തോമസ്, മുഹമ്മദ് ഷിയാസ്, ദീപക് ജോയ്, ടോണി ചമ്മിണി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാധാകൃഷ്ണൻ, ജില്ലാ കളക്ടർ ജി.പ്രിയങ്ക ഉൾപ്പെടെയുള്ളവർ ആശംസകൾ അർപ്പിക്കും. ഫോർട്ട് കൊച്ചി സബ് കളക്ടർ ഗ്രാൻദേ സായി കൃഷ്ണ ഐ.എ.എസ്. റിപ്പോർട്ട് അവതരിപ്പിക്കും. ഡി.ടി.പി.സി. എറണാകുളം സെക്രട്ടറി ലിജോ ജോസഫ് നന്ദി പറയും.

മത്സരത്തോടൊപ്പം സംഘാടക സമിതി ഒരുക്കുന്ന പ്രാദേശിക വള്ളംകളി മത്സരവും നടക്കും. താണിയൻ, തുരുത്തിപ്പുറം, ഗോതുരുത്ത് പുത്രൻ, സെന്റ് സെബാസ്റ്റ്യൻ, പൊഞ്ഞനത്തമ്മ എന്നീ ചെറുവള്ളങ്ങൾ മത്സരത്തിൽ പങ്കെടുക്കും.

ഇതോടൊപ്പം ഇരുട്ടുകുത്തി വള്ളങ്ങളുടെ മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്നുള്ള ടീമുകൾ മത്സരത്തിൽ പങ്കെടുക്കും. ഇതുവഴി കേരളത്തിന്റെ പരമ്പരാഗത വള്ളംകളി സംസ്കാരത്തിന്റെ വൈവിധ്യവും ആവേശവും ഒരേ വേദിയിൽ ആസ്വദിക്കാനുള്ള അവസരമൊരുങ്ങും.

വള്ളംകളിയുടെ ആവേശം വർധിപ്പിക്കുന്നതിനായി ഇന്ത്യൻ നേവിയുടെയും ഫയർഫോഴ്സിന്റെയും അഭ്യാസപ്രകടനങ്ങളും ഉണ്ടായിരിക്കും. വള്ളംകളിക്ക് മുന്നോടിയായി ചേർത്തല ശ്രീ വിനായക ചുള്ളൻസിന്റെ മ്യൂസിക്കൽ ഫ്യൂഷൻ അരങ്ങേറും. ഗരുഡൻ ഉൾപ്പെടെയുള്ള വിവിധ കലാസാംസ്കാരിക പരിപാടികളും ഒരുക്കിയിട്ടുണ്ട്.

മത്സരത്തിന്റെ സുഗമമായ നടത്തിപ്പിനായി വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെ വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മത്സരത്തിനെത്തുന്ന കാണികൾക്കായി പവലിയനുകളും മറ്റ് ആവശ്യമായ സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

ഇന്ദിരാഗാന്ധി ചാമ്പ്യൻസ് ബോട്ട് ലീഗിനോടനുബന്ധിച്ചുള്ള കലാസാംസ്കാരിക പരിപാടികൾ കൊച്ചിയുടെ വിനോദസഞ്ചാര സാധ്യതകൾക്ക് കൂടുതൽ പ്രചാരം നൽകുന്നതിനും കേരളത്തിന്റെ വള്ളംകളി പൈതൃകം പുതിയ തലമുറയിലേക്കും രാജ്യാന്തര വിനോദസഞ്ചാരികളിലേക്കും എത്തിക്കുന്നതിനും സഹായകരമാകും.

ഒക്ടോബർ 10ന് എറണാകുളം മറൈൻ ഡ്രൈവിൽ നടക്കുന്ന വള്ളംകളി കാണാൻ വള്ളംകളി പ്രേമികളും വിനോദസഞ്ചാരികളും പൊതുജനങ്ങളും എത്തിച്ചേരും. കേരളത്തിന്റെ ജലോത്സവ പാരമ്പര്യവും കൊച്ചിയുടെ വിനോദസഞ്ചാര സാധ്യതകളും സമന്വയിക്കുന്ന ആവേശകരമായ വേദിയായി മറൈൻ ഡ്രൈവ് മാറും.

വൈകുന്നേരം നടക്കുന്ന സമ്മാനദാനത്തോടെ പരിപാടികൾ സമാപിക്കും.

# നിർമ്മലാ ഹൊറൈസൺസ് 2026 ഉദ്ഘാടനം ചെയ്തു




**മൂവാറ്റുപുഴ:** നിർമ്മലാ കോളേജിൽ 'നിർമ്മലാ ഹൊറൈസൺസ് 2026' ഉദ്ഘാടനം ചെയ്തു; കാർഷിക മേഖലയിൽ അക പ്രയോജനപ്പെടുത്തുന്നത് മഹത്തരം കൃഷി മന്ത്രിമൂവാറ്റുപുഴ: രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുൻപന്തിയിലാണ് മൂവാറ്റുപുഴ നിർമ്മലാ കോളേജെന്നും കാർഷിക മേഖലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രയോജനപ്പെടുത്തുകയെന്ന ആശയം വളരെ മഹത്തരമാണെന്നും സംസ്ഥാന കൃഷി മന്ത്രി സിദ്ദിഖ്. നിർമ്മലാ കോളേജിൽ സംഘടിപ്പിച്ച നിർമ്മലാ ഹൊറൈസൺസ് 2026' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു സിദ്ദിഖ്. കോളേജിന്റെ നേതൃത്വത്തിൽ ആരംഭിച്ച പുതിയ സാമൂഹിക പദ്ധതിയുടെ ഉദ്ഘാടനവും ചടങ്ങിൽ നടന്നു. കർഷകർക്ക് കീട നിയന്ത്രണം, വിള പരിപാലനം, കാലാവസ്ഥ പ്രവചനം എന്നിവയിൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താൻ സഹായകരമാകുന്നതാണ് ഈ പദ്ധതി. കൂടാതെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കുന്നതിനായി 'നിർമ്മലാ PACE' എന്ന പദ്ധതിക്കും കോളേജ് തുടക്കമിട്ടു. 1,06,000 സോഡാ കുപ്പികളുടെ അടപ്പുകൾ ഉപയോഗിച്ച് ലയണൽ മെസ്സി, നെയ്മർ, റൊണാൾഡോ എന്നിവരുടെ ഭീമൻ മ്യൂറൽ ചിത്രങ്ങൾ നിർമ്മിച്ച് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സ്, ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സ്, ടാലന്റ് റെക്കോർഡ് ബുക്ക് എന്നിവയിൽ ഇടംനേടിയ 'വേസ്റ്റ് ടു വണ്ടർ' നേട്ടത്തെ ചടങ്ങിൽ ആദരിച്ചു. കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മാനേജർ റവ. മോൺ. ഡോ. പയസ് മലേകണ്ടത്തിൽ അധ്യക്ഷത വഹിച്ചു. മാത്യു കുഴൽനാടൻ എം.എൽ.എ, മൂവാറ്റുപുഴ നഗരസഭ ചെയർപേഴ്സൺ ജോയ്സ് മേരി ആന്റണി, ആവോലി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജോജി ജോസ് കുരുപ്പുമാം എന്നിവർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കോളേജ് പ്രിൻസിപ്പൽ റവ. ഡോ. ജസ്റ്റിൻ കെ. കുര്യാക്കോസ് സ്വാഗതവും പ്രോഗ്രാം കോർഡിനേറ്റർ ഡോ. നിബു തോംസൺ നന്ദിയും പറഞ്ഞു




# എൻവെസ്റ്റ്നെറ്റ് സെനിത് ട്രോഫി 2026:ഗുജറാത്ത് ചാമ്പ്യന്മാർ

**തിരുവനന്തപുരം:** കാഴ്ച പരിമിതരായ വനിതകളുടെ ഇൻവെസ്റ്റ്നെറ്റ് സെനിത് ട്രോഫി 2026 അഖിലേന്ത്യ ക്രിക്കറ്റ് ടൂർണമെന്റിൽ ഗുജറാത്ത് ചാമ്പ്യൻമാർ.തിരുവനന്തപുരം ഗ്രീൻഫീൽഡ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നടന്ന ഫൈനൽ മത്സരത്തിൽ 9 വിക്കറ്റിനാണ് ഗുജറാത്ത് കേരളത്തെ പരാജയപ്പെടുത്തിയത് .

ടോസ് നേടി ബാറ്റിംഗിന് ഇറങ്ങിയ കേരളം നിശ്ചിത 20 ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 115 റൺസെടുത്തു.116 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഗുജറാത്ത്, 13.3 ഓവറിൽ 1 വിക്കറ്റ് മാത്രം നഷ്ടത്തിൽ ലക്ഷ്യം മറികടന്നു.

ഗുജറാത്തിനായി തകർപ്പൻ ബാറ്റിംഗ് കാഴ്ചവെച്ച് 54 റൺസ് നേടിയ കൽപ്പന ചോരിയയാണ് മത്സരത്തിലെ 'പ്ലെയർ ഓഫ് ദി മാച്ച്'.അദ്വൈത

സന്തോഷ് (കേരള),ദീപ സക്സേന (ഹരിയാന),കൽപ്പന ചോരി (ഗുജറാത്ത്) എന്നിവരെ പ്ലെയേഴ്സ് ഓഫ് ദ ടൂർണമെന്റായി തിരഞ്ഞെടുത്തു. വിജയികൾക്കുള്ള സമ്മാന വിതരണം എം എൽ എ വി മുരളീധരൻ നിർവഹിച്ചു.

വേൾഡ് ബ്ലൈൻഡ് ക്രിക്കറ്റ് കൗൺസിൽ സെക്രട്ടറി രജനീഷ് ഹെൻറി,ഇൻവെസ്റ്റ്നെറ്റ് കമ്പനി പ്രതിനിധി സന്തോഷ് കേശവൻ,യു എസ് ടി കമ്പനി പ്രതിനിധി വിനീത് മോഹൻ തുടങ്ങിയവർ പങ്കെടുത്തു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# അമൃത വിശ്വ വിദ്യാപീഠം 'കുട്ടിപ്പെട്ടി' അവതരിപ്പിച്ചു




**കൊച്ചി:** സ്കൂൾ തലത്തിൽ ലഹരിക്കെതിരെയുള്ള പരാതികൾ പോലീസിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനായി കേരളം പോലീസും , അമൃത വിശ്വ വിദ്യാപീഠവുമായി സഹകരിച്ചുള്ള 'കുട്ടിപ്പെട്ടി' അവതരിപ്പിച്ചു. അമൃത സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ ഡോ.കെ.പി.ഗിരീഷ് കുമാർ , കേരള സംസ്ഥാന പോലീസ് മേധാവി രവാഡ എ. ചന്ദ്രശേഖർ ഐ.പി.എസ് നു 'കുട്ടിപ്പെട്ടി' കൈമാറി. സംസ്ഥാനത്തെ തെരഞ്ഞെടുത്ത പോലീസ് ഉദ്യോഗസ്ഥർക്കായി കൊച്ചി അമൃത ആശുപത്രിയിൽ നടത്തിയ ഓപ്പറേഷൻ തൂഫാൻ പ്രത്യേക പരിശീലന പരിപാടിയിൽ ആണ് 'കുട്ടിപ്പെട്ടി' അവതരിപ്പിച്ചത്.

കേരള പോലീസും അമൃത വിശ്വവിദ്യാപീഠവും ചേർന്ന് വിദ്യാർത്ഥികൾക്കിടയിൽ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് 'കുട്ടിപ്പെട്ടി'. കേരളത്തിലെ പ്രൈമറി തലം മുതൽ പന്ത്രണ്ടാം തരം വരെയുള്ള എല്ലാ വിദ്യാലയങ്ങളിലും, കേരള പോലീസ് അധികാരികളുടെ നേരിട്ടുള്ള മേൽനോട്ടത്തിലും, അമൃത വിശ്വവിദ്യാപീഠം സർവ്വകലാശാലയിലെ വിദഗ്ധരുടെ സഹായത്തോടെയും, സ്ഥാപിക്കപ്പെടുന്ന 'കുട്ടി പെട്ടികൾ' വഴി, പരാതികൾ ശേഖരിച്ച് നിയമാനുസൃത പരിഹാരങ്ങൾ കണ്ടെത്തുന്ന സവിശേഷവും മാതൃകാപരവുമായ പദ്ധതിയാണിത്.

ഈ സംയുക്ത സംരംഭത്തിലൂടെ സ്ഥാപിക്കപ്പെടുന്ന, കുട്ടി പെട്ടിയിൽ, ഏതൊരു വിദ്യാർത്ഥിക്കും പരാതികൾ എഴുതി നിക്ഷേപിക്കാം. കൂടാതെ ഈ പ്രത്യേക കുട്ടിപ്പെട്ടിയിൽ രേഖപ്പെടുത്തിയിരിക്കുന്ന, 'പോലീസ്ബ്രോ' യുടെ നമ്പറിലേക്ക് വിളിച്ചും, ക്യു ആർ കോഡ് വഴിയും പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

മയക്കുമരുന്ന് അടക്കമുള്ള ലഹരിവസ്തുക്കളുടെ വിപണനം, വിതരണം, ഉപയോഗം തുടങ്ങിയവ സംബന്ധിച്ച ഏതൊരു പരാതിയും രേഖപ്പെടുത്തുന്നതനുസരിച്ച്, അടിയന്തിര പ്രാധാന്യത്തോടെ 'തൂഫാൻ' പദ്ധതി യോടൊപ്പം ചേർന്ന്, മാതൃകാപരമായി കൈകാര്യം ചെയ്യപ്പെടും. ലഹരിവസ്തുക്കൾ ഉപയോഗിക്കുന്ന കുടുംബാംഗങ്ങൾ കാരണം, കുടുംബം നേരിടുന്ന ബുദ്ധിമുട്ടുകൾ അറിയിക്കാനും അവയ്ക്കുള്ള പരിഹാരം കാണാനുമുള്ള അവസരങ്ങൾ ഉണ്ടാവും.

കുട്ടികൾ നേരിടുന്ന ഏതു രീതിയിലുള്ള പീഡനങ്ങളും വളരെ രഹസ്യമായി അറിയിക്കാനുള്ള സാഹചര്യങ്ങൾ ഈ പദ്ധതി വഴി ഉണ്ടാകും.

പൊതു ജലാശയങ്ങൾ, കുടിവെള്ള സ്രോതസ്സുകൾ, പരിസരം, പൊതു ഇടങ്ങൾ തുടങ്ങിയവയെല്ലാം വൃത്തിഹീനമാകുന്നത് വരെയുള്ള പരാതികളും കുട്ടികൾക്ക് അറിയിക്കാനും, അതുവഴി സാമൂഹ്യ പ്രതിബദ്ധതയുള്ള തലമുറയെ വാർത്തെടുക്കാനും കഴിയും.

ഏത് മേഖലയിലെയും എല്ലാ വിധ പരാതികളും കുട്ടികൾക്ക് അറിയിക്കാനും, ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ധർ വഴിയും, സർക്കാർ അധികാരികൾ മുഖേനയും പരിഹാരം കാണാനും കുട്ടിപ്പെട്ടി വഴിയൊരുക്കും.

പരാതികൾക്കപ്പുറം, സമൂഹത്തിലും തന്റെ ചുറ്റുപാടും വരുത്തേണ്ട ക്രിയാത്മകമായ അഭിപ്രായങ്ങളും പുതിയ ആശയങ്ങളും കുട്ടികൾക്ക് പങ്കുവയ്ക്കുന്നതിനും, അവ പ്രായോഗികമായി നടപ്പിൽ വരുത്തുന്നതിനുള്ള സംവിധാനങ്ങളും കുട്ടിപ്പെട്ടി'കൾ വഴി നടപ്പിൽ വരും.

ഓരോ പരാതിയും പ്രത്യേക പ്രാധാന്യത്തോടെ കൂടി രജിസ്റ്റർ ചെയ്ത്, എന്നാൽ പരാതിയുടെ രഹസ്യസ്വഭാവം പൂർണമായും സൂക്ഷിച്ചു കൊണ്ട് ആയിരിക്കും കൈകാര്യം ചെയ്യപ്പെടുക. ആഴ്ചയിലൊരിക്കൽ പ്രാദേശിക പോലീസ് അധികാരികൾ മുഖേന പരാതികൾ ശേഖരിച്ച് പരിഹാരം കാണാനുള്ള വഴികൾ ഒരുക്കും. 15 ദിവസത്തിൽ ഒരിക്കൽ ജില്ലാ പോലീസ് അധികാരികളുടെ മേൽനോട്ടത്തിലും പരാതികൾ പരിശോധിച്ച് പരിഹാരത്തിലേക്ക് എത്തിക്കും. മാസത്തിലൊരിക്കൽ സംസ്ഥാന പോലീസ് അധികാരികളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടും. അടിയന്തിര ഘട്ടങ്ങളിൽ ഡിജിപി നേരിട്ട് പരാതികൾ തീർപ്പാക്കുന്നതാണ്.

# ലഹരിക്കെതിരായ കേരള പൊലീസിന്റെ പോരാട്ടം തുടരും രമേശ് ചെന്നിത്തല




**കൊച്ചി:** ലഹരിക്കെതിരായ പോരാട്ടം കൂടുതൽ ശാസ്ത്രീയവും സമഗ്രവുമാക്കുന്നതിന്റെ ഭാഗമായി കേരള പൊലീസ് ഉദ്യോഗസ്ഥർക്കായി അമൃത ആശുപത്രിയിൽ 'ഓപ്പറേഷൻ തൂഫാൻ' പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. ലഹരി ഉപയോഗത്തിന്റെ ആരോഗ്യ, മാനസിക, സാമൂഹിക പ്രത്യാഘാതങ്ങൾക്കൊപ്പം നിയമ, മെഡിക്കോ ലീഗൽ വിഷയങ്ങളും ചികിത്സ, പുനരധിവാസം, ദീർഘകാല നിരീക്ഷണം തുടങ്ങിയ മേഖലകളും പരിശീലനത്തിൽ ഉൾപ്പെടുത്തി.

കേരള ആഭ്യന്തര വിജിലൻസ് വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല, മാതാ അമൃതാനന്ദമയി മഠം വൈസ് ചെയർമാൻ സ്വാമി അമൃതസ്വരൂപാനന്ദപുരി, കേരള സംസ്ഥാന പോലീസ് മേധാവി രവാഡ എ. ചന്ദ്രശേഖർ ഐ.പി.എസ്. എന്നിവർ പരിപാടിയിൽ മുഖ്യാതിഥികളായി പങ്കെടുത്തു.

കേരളത്തിലെ സാമൂഹിക ജീവിതം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ് ലഹരി ഉപയോഗമെന്ന് ചെന്നിത്തല പറഞ്ഞു. ലഹരിക്കെതിരായ കേരള പൊലീസിന്റെ പോരാട്ടം തുടരുമെന്നും ഇത് ഓപ്പറേഷൻ തൂഫാന്റെ രണ്ടാം ഘട്ടമാണെന്നും ചെന്നിത്തല പറഞ്ഞു. സർക്കാരിനും പൊലീസിനുമൊപ്പം സംസ്ഥാനത്തിലെ എല്ലാ സർക്കാർ ആശുപത്രികളും 35ഓളം സ്വകാര്യ ആശുപത്രികളും പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. ഇതിൽ ഏറ്റവും ആദ്യം സഹകരിക്കാൻ മുന്നോട്ടുവന്ന ആശുപത്രിയാണ് അമൃതയെന്നും ചെന്നിത്തല പറഞ്ഞു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, കുടുംബശ്രീ, ഹരിത കർമ്മ സേന, ഗ്രാമസഭകൾ എന്നിവയ്ക്കൊപ്പം സ്ത്രീ സമൂഹവും ലഹരിക്കെതിരായ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകഴിഞ്ഞതായി രമേശ് ചെന്നിത്തല പറഞ്ഞു. ലഹരിക്കും മയക്കുമരുന്നിനുമെതിരായ പൊലീസിന്റെ പ്രവർത്തനം ദൈവികവും ധാർമികവുമായ ഉത്തരവാദിത്തമാണെന്നും അത് പരമാവധി സത്യസന്ധതയോടെ നിർവഹിക്കണമെന്നും ചെന്നിത്തല ആഹ്വാനം ചെയ്തു. ഇത്തരം പ്രവർത്തനങ്ങൾക്ക് തന്റെയും പൊലീസ് സേനയുടെയും ആഭ്യന്തര വകുപ്പിന്റെയും പൂർണ പിന്തുണയുണ്ടാകുമെന്നും ചെന്നിത്തല വ്യക്തമാക്കി.

ഓപ്പറേഷൻ തൂഫാൻ ഒരു മഹായജ്ഞമാണെന്നും അതിന്റെ പ്രധാന ഘടകം നിസ്വാർത്ഥതയാണെന്നും സ്വാമി അമൃതസ്വരൂപാനന്ദപുരി പറഞ്ഞു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഇന്ത്യയിലും നിരവധി പേർ ലഹരിക്ക് അടിമപ്പെട്ടിരിക്കുകയാണ്. മയക്കുമരുന്ന് മാഫിയകൾ കുട്ടികളെ തേടിയെത്തുന്നതിന് മുമ്പ് ഓരോ പൊലീസ് ഉദ്യോഗസ്ഥനും 'തൂഫാൻ' എന്ന കൊടുങ്കാറ്റായി മാറി ലഹരി മാഫിയയുടെ എല്ലാ അതിരുകളും ഭേദിക്കണമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ലഹരിക്കെതിരായ സർക്കാരിന്റെ പോരാട്ടം പതറാതെ മുന്നോട്ടുപോകട്ടെയെന്നും അദ്ദേഹം ആശംസിച്ചു.

ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട കേസുകളിൽ നിയമനടപടികൾക്കൊപ്പം ആരോഗ്യപരമായ ഇടപെടലുകൾക്കും ചികിത്സയ്ക്കും പുനരധിവാസത്തിനും പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകതയാണ് പരിശീലനത്തിലൂടെ മുന്നോട്ടുവച്ചത്. സംശയിക്കപ്പെടുന്ന വ്യക്തികളോട് എങ്ങനെ ആശയവിനിമയം നടത്തണം, ലഹരി വസ്തുക്കൾ ശാസ്ത്രീയമായി തിരിച്ചറിയുന്ന രീതികൾ, ലഹരി ഉപയോഗത്തിന്റെ ലക്ഷണങ്ങളും തീവ്രതയും വിലയിരുത്തൽ, മെഡിക്കൽ സഹായം, മാനസികാരോഗ്യ അടിയന്തരാവസ്ഥകൾ, കൗൺസലിങ്, ആത്മഹത്യാ സാധ്യത തിരിച്ചറിയൽ തുടങ്ങിയ വിഷയങ്ങളിൽ അമൃത ആശുപത്രിയിലെ വിദഗ്ധ ഡോക്ടർമാർ ക്ലാസുകൾ നയിച്ചു. നിയമപരവും മെഡിക്കോലീഗലുമായ വശങ്ങൾ, ലഹരി ഉപയോഗത്തിന്റെ സാമൂഹിക പ്രത്യാഘാതങ്ങൾ, പോലീസിന്റെയും തൂഫാൻ വാരിയേഴ്സിന്റെയും ദിവസേനയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, എളുപ്പമാക്കുന്നതിനും വേണ്ടി അമൃത ടെക്നോളജീസ് വികസിപ്പിച്ച തൂഫാൻ വൺ സോഫ്റ്റ്‌വെയർ, സ്കൂൾ തലത്തിൽ ലഹരിക്കെതിരെയുള്ള പരാതികൾ പോലീസിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനുള്ള അമൃത വിശ്വ വിദ്യാപീഠവുമായി സഹകരിച്ചുള്ള 'കുട്ടിപ്പെട്ടി', 'പോലീസ് ബ്രോ ', സംസ്ഥാനത്തെ വനവാസി സമൂഹത്തെ ലഹരിയിൽ നിന്ന് മുക്തരാക്കുന്നതിനായി അമൃത ആശുപത്രി തുടക്കമിട്ട 'തൂഫാൻ-തമ്പി', പൊലീസ്-ആശുപത്രി ഏകോപനം, ടെലിമെഡിസിൻ, ചികിത്സയും പുനരധിവാസവും ഉൾപ്പെടുന്ന 'തൂഫാൻ കെയർ' സംവിധാനം, എന്നിവ പരിശീലനത്തിന്റെ ഭാഗമായി പരിചയപ്പെടുത്തി. ഓപ്പറേഷൻ തൂഫാൻ പദ്ധതിയിൽ മികച്ച പ്രകടനം കാഴ്ച വച്ച പോലീസ് ജില്ലകളെ ചടങ്ങിൽ അനുമോദിച്ചു.

കേരള സംസ്ഥാന പോലീസ് മേധാവി രവാഡ എ. ചന്ദ്രശേഖർ ഐ.പി.എസ്., എ.ഡി.ജി.പി. പി. വിജയൻ ഐ.പി.എസ്., എറണാകുളം എം.എൽ.എ. ടി. ജെ. വിനോദ്, 24 ന്യൂസ് മാനേജിംഗ് ഡയറക്ടർ ആർ. ശ്രീകണ്ഠൻ നായർ, കൊച്ചി സിറ്റി പൊലീസ് കമ്മീഷണർ എസ്. കാളിരാജ് മഹേഷ് കുമാർ ഐ.പി.എസ്, അസിസ്റ്റന്റ് കമ്മീഷണർ ടി.ഡി.സുനിൽ കുമാർ, സംസ്ഥാന നോഡൽ ഓഫീസർ പുട്ട വിമലാദിത്യ ഐ.പി.എസ്., അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ, തൂഫാൻഅമൃത ടീം ചീഫ് കോഓർഡിനേറ്റർ ഡോ. ജഗ്ഗു, തൂഫാൻ തമ്പി നിയമ ഉപദേഷ്ടാവ് അഡ്വ. കെ. ആനന്ദ്, സംസ്ഥാന കോഓർഡിനേറ്റർ സി. കെ. പ്രദീപ് ബിജു മേലാറ്റൂർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു സംസാരിച്ചു. ഡോ. കെ.ആർ. തങ്കപ്പൻ, ഡോ. ദിനേശ്, ഡോ. ബിന്ദു ആർ., ഡോ. രാമകൃഷ്ണൻ യു.കെ., ഡോ. അശ്വതി എസ്., ഡോ. രഞ്ജിത് എസ്. ഭദ്രൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു.




# അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റലിൽ അത്യാധുനിക റോബോട്ടിക് കിഡ്നി ട്രാൻസ്പ്ലാന്റ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചു

## ആദ്യ റോബോട്ടിക് വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ വിജയകരം

**അങ്കമാലി:** അങ്കമാലി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റലിൽ ആദ്യത്തെ റോബോട്ടിക് വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി. റീനൽ സയൻസസ് വിഭാഗത്തിലെ ഈ ചരിത്ര നേട്ടത്തോടൊപ്പം രോഗികൾക്ക് അത്യാധുനിക മിനിമലി ഇൻവേസീവ് (ങശിശാമഹഹ്യ കിമശെ്ല) ചികിത്സ ഉറപ്പാക്കുന്നതിനായി 'റോബോട്ടിക് കിഡ്നി ട്രാൻസ്പ്ലാന്റ് യൂണിറ്റും' ആശുപത്രിയിൽ പ്രവർത്തനമാരംഭിച്ചു. യൂറോളജി ആൻഡ് കിഡ്നി ട്രാൻസ്പ്ലാന്റ് വിഭാഗം സീനിയർ കൺസൾട്ടന്റും മേധാവിയുമായ ഡോ. റോയ് പി. ജോണിന്റെ നേതൃത്വത്തിലുള്ള വിദഗ്ധ മെഡിക്കൽ സംഘമാണ് ശസ്ത്രക്രിയ നിർവ്വഹിച്ചത്. നെഫ്രോളജി സീനിയർ കൺസൾട്ടന്റുമാരായ ഡോ. ജോജോ പുള്ളോക്കര, ഡോ. മഞ്ജു കമൽ, കൺസൾട്ടന്റ് ജീന ജെ. സത്യൻ, യൂറോളജി സീനിയർ കൺസൾട്ടന്റ് ഡോ. ബിജു സുകുമാരൻ പിള്ള, അനസ്തേഷ്യ വിഭാഗത്തിലെ സീനിയർ കൺസൾട്ടന്റുമാരായ ഡോ. ദിനിത് ജോയ്, ഡോ. പ്രശാന്ത് എന്നിവർ അടങ്ങുന്നതായിരുന്നു ടീം. ശസ്ത്രക്രിയയ്ക്ക് വിധേയരായ ദാതാവും സ്വീകർത്താവും സുഖം പ്രാപിച്ചുവരുന്നു.

വലിയ മുറിവുകൾ ആവശ്യമുള്ള പരമ്പരാഗത ഓപ്പൺ ശസ്ത്രക്രിയകളിൽ നിന്ന് വ്യത്യസ്തമായി, ഹൈ ഡെഫനിഷൻ 3ഡി ദൃശ്യമികവും റോബോട്ടിക് ഉപകരണങ്ങളും പ്രയോജനപ്പെടുത്തി കീഹോളിലൂടെയാണ് ശസ്ത്രക്രിയ നടത്തിയത്. മനുഷ്യകരങ്ങളുടെ സ്വാഭാവിക വിറയലുകൾ ഒഴിവാക്കി രക്തക്കുഴലുകളും അതീവ സൂക്ഷ്മമായ മൂത്രനാളികളും കൃത്യതയോടെ കൈകാര്യം ചെയ്യാൻ ഇതിലൂടെ സാധിച്ചു. ചെറിയ മുറിവുകളിലൂടെ നിർവ്വഹിക്കുന്നതിനാൽ രക്തസ്രാവവും അണുബാധയ്ക്കുള്ള സാധ്യതയും കുറവാണെന്നും, ശസ്ത്രക്രിയാനന്തര വേദന കുറച്ച് വേഗത്തിൽ സാധാരണ ജീവിതത്തിലേക്ക് മടങ്ങാൻ രോഗികളെ ഇത് സഹായിക്കുമെന്നും ഡോ. റോയ് പി. ജോൺ പറഞ്ഞു. സങ്കീർണ്ണമായ അവയവ മാറ്റിവെക്കൽ ശസ്ത്രക്രിയകൾ കൂടുതൽ ലളിതമാക്കാൻ ഈ സാങ്കേതിക വിദ്യ സഹായിക്കുമെന്ന് അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ സി.ഇ.ഒ ഡോ. ഏബൽ ജോർജ്ജ്, സി.ഒ.ഒ ഡോ. ദിൽഷാദ് എന്നിവർ വ്യക്തമാക്കി. വാ വാർത്താസമ്മേളനത്തിൽ മെഡിക്കൽ സർവീസസ് ഡയറക്ടർ ഡോ. ആർ.രമേഷ് കുമാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.

## യു.പി.ഐ ഇടപാടുകൾക്ക് ഫീസ്

# കേരളത്തിലെ സൂപ്പർമാർക്കറ്റുകളിൽ ഒക്ടോബർ 15ന് യു.പി.ഐ.ഇടപാടുകൾ സ്വീകരിക്കില്ല

**കൊച്ചി:** കേരളത്തിലെ സൂപ്പർമാർക്കറ്റുകളിൽ ഒക്ടോബർ 15ന് യു.പി.ഐ വഴിയുള്ള ഇടപാടുകൾ സ്വീകരിക്കില്ലെന്ന് സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസിയേഷൻ കേരള (സ്വാക്ക്) ഭാരവാഹികൾ കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പ്രഖ്യാപിച്ചു. യു.പി.ഐ.ഇടപാടുകൾക്ക് ഫീസ് ഈടാക്കുമ്പോൾ ഏറ്റവും കൂടുതൽ ദേഷകരമായി ബാധിക്കുന്നത് സൂപ്പർമാർക്കറ്റുകളാണ്. ഒരു കുടുംബം ഒരു മസത്തേയ്ക്ക് പല വ്യഞ്ചന സാധനങ്ങൾ സൂപ്പർമാർക്കിൽ നിന്നും വാങ്ങുമ്പോൾ രണ്ടായിരം രൂപയ്ക്ക് മുകളിൽ ബില്ല് വരും. കേവലം പച്ചക്കറികൾക്കൊഴിച്ച് മുഴുവൻ ഉൽപ്പന്നളും എം.ആർ.പി രേഖപ്പെടുത്തിയാണ് സൂപ്പർമാർക്കിൽ വിൽപ്പനയ്ക്കെത്തുന്നത്. ഇപ്പോൾ ഗവൺമെന്റ് നിശ്ച്ചയച്ച യു.പി.ഐ ചാർജിന്റെ നിരക്കിലും താഴെയാണ് പല മുൻനിര കമ്പനികളുടെയും ഉൽപ്പന്നങ്ങൾ വിറ്റാൽ കിട്ടുന്ന കമ്മീഷൻ. ചെറുകിട, ഇടത്തരം വ്യാപാര സ്ഥാപനങ്ങൾക്ക് ഈ ചെലവ് താങ്ങാൻ ബുദ്ധിമുട്ടാണ്.

യു.പി.ഐ പോലുള്ള ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങളെ സംഘടന സ്വാഗതം ചെയ്യുന്നു. എന്നാൽ, അതിന്റെ ചെലവ് വ്യാപാരികളുടെ മേൽ കെട്ടിവയ്ക്കുന്നത് നീതിക്ക് നിരക്കാത്തതാണെന്ന് ഭാരവാഹികൾ പറഞ്ഞു.

നിശ്ചിത എണ്ണം എ.ടി.എം. ഇടപാടുകൾക്ക് ശേഷം നടത്തുന്ന ഒരോ ഇടപാടിനും അക്കൗണ്ട് ഉടമയിൽ നിന്നുമാണ് ബാങ്കുകൾ ഫീസ് ഈടാക്കുന്നത്. ഉപഭോക്താവിന്റെ പണം അവരുടെ സൗകര്യർത്ഥം ഇടപാട് നടത്തുന്നതിനാണ് ബാങ്ക് ചാർജ്ജ് ഈടാക്കുന്നത്. രാജ്യത്തെ ഒട്ടുമിക്ക ബാങ്കുളും ഗവൺമെന്റ് ഉടമസ്ഥതയിലുള്ളതാണ്. ഒരു സൂപ്പർമാർക്കറ്റ് ഉടമ സർക്കാരിന്റെ യാതൊരു സാമ്പത്തിക ആനുകൂല്യവും കൈപ്പറ്റാതെ സ്വയം തൊഴിൽ കണ്ടെത്തി ജീവിതം മുന്നോട്ട് കൊണ്ടു പോകുമ്പോഴാണ് സർക്കാരിന് കമ്മീഷൻ കൊടുക്കേണ്ട അവസ്ഥ വന്നിരിക്കുന്നത്.

കേരളത്തിലെ ഏകദേശം 4,000ത്തോളം വരുന്ന സൂപ്പർമാർക്കറ്റ് വ്യാപാരികളുടെ ആശങ്ക പരിഗണിച്ച് വ്യാപാരികളുടെ മേൽ ചുമത്തുന്ന യു.പി.ഐ ചാർജുകൾ പുനഃപരിശോധിക്കണമെന്നും സ്വാക്ക് സംസ്ഥാന പ്രസിഡന്റ് ജോർഫിൻ പെട്ട, ജനറൽ സെക്രട്ടറി കെ.എ. സിയാവുദീൻ, വൈസ് പ്രസിഡന്റ് സാജു മൂലൻ എന്നിവർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു.

# മിന്ത്ര 'ബിഗ് ഫാഷൻ ഫെസ്റ്റിവൽ' ആരംഭിക്കുന്നു; 30 മിനിറ്റ് ഡെലിവറിയും വൻ ആനുകൂല്യങ്ങളും പ്രഖ്യാപിച്ചു




**കൊച്ചി:** പ്രമുഖ ഇകോമേഴ്സ് പ്ലാറ്റ്ഫോമായ മിന്ത്രയുടെ 'ബിഗ് ഫാഷൻ ഫെസ്റ്റിവൽ' (ആഎഎ) ഒക്ടോബർ 8 മുതൽ ഉപഭോക്താക്കളിലേക്ക് എത്തും. 8 മില്യണിലധികം (80 ലക്ഷം) സ്റ്റൈലുകളും 21,000 എമർജിങ് ബ്രാൻഡുകളും ഉൾപ്പെടുത്തി വിപുലമായ ആഘോഷ ഓഫറുകളാണ് മിന്ത്ര ഒരുക്കിയിരിക്കുന്നത്. ഇതിൽ 13,000 ബ്രാൻഡുകൾ ആദ്യമായാണ് ബിഗ് ഫാഷൻ ഫെസ്റ്റിവലിൽ പങ്കാളികളാകുന്നത്. ഫാഷൻ, ബ്യൂട്ടി, സ്പോർട്സ്, ജ്വല്ലറി, വാച്ചുകൾ, ഹോം ആൻഡ് ലിവിങ് എന്നീ വിഭാഗങ്ങളിലായി 100ലധികം പുതിയ ബ്രാൻഡുകളും ജനപ്രിയ ഇന്ത്യൻ, അന്താരാഷ്ട്ര ബ്രാൻഡുകളുടെ പ്രത്യേക ഫെസ്റ്റീവ് കളക്ഷനുകളും ലഭ്യമാകും.

ത്വരിതഗതിയിലുള്ള വിതരണത്തിനായി 'എംനൗ' സംവിധാനത്തിലൂടെ 12 പ്രധാന നഗരങ്ങളിൽ 1,500 ബ്രാൻഡുകളിൽ നിന്നുള്ള 1.5 ലക്ഷം സ്റ്റൈലുകൾ വെറും 30 മിനിറ്റിൽ ഡെലിവറി ചെയ്യാനുള്ള സൗകര്യവും മിന്ത്ര ക്രമീകരിച്ചിട്ടുണ്ട്. അനായാസമായ ഷോപ്പിങ് അനുഭവത്തിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത പേഴ്സണലൈസ്ഡ് ഷോപ്പിങ് ഫീച്ചറുകളും പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഉത്സവകാല വിൽപ്പനയോടനുബന്ധിച്ച് വിതരണലോജിസ്റ്റിക്സ് മേഖലകളിൽ 26,000ത്തിലധികം താൽക്കാലിക തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായും കമ്പനി വ്യക്തമാക്കി.



# ഏപ്രിലിയ രണ്ട് പുതിയ സ്കൂട്ടറുകൾ അവതരിപ്പിച്ചു

**കൊച്ചി:** ഏപ്രിലിയ ഇന്ത്യ രണ്ട് പുതിയ സ്കൂട്ടറുകൾ അവതരിപ്പിച്ചു. ഏപ്രിലിയ എസ്എക്സ് ആർ ജിടി 125, ഏപ്രിലിയ എസ് എക്സ് ആർ ജിടി 175 എന്നിവയാണ് അവതരിപ്പിച്ചത്.

മാറ്റ് ബ്ലാക്ക്, ഗ്ലോസി അസൂറോ, ഗ്ലോസി വൈറ്റ് എന്നീ നിറങ്ങളിൽ പ്രീമിയം ലുക്ക് നൽകുന്ന ഗ്രാഫിക്സും ജിടി 125നുണ്ട്. ജിടി 175 മെറ്റാലിക് ബ്ലൂ, മാറ്റ് ബ്ലാക്ക്, മാറ്റ് ഗ്രീൻ എന്നീ നിറങ്ങളിലും ലഭിക്കും. ജിടി 125ന്റെ എക്സ് ഷോറൂം വില 1,09,999 രൂപ

# മഹീന്ദ്രയുടെ ഇന്ത്യയിലെ ആദ്യ നൈറ്റ് കെയർ സർവീസ് സെന്റർ കോട്ടയത്ത്

**കോട്ടയം:** വാഹന നിർമാതാക്കളായ മഹീന്ദ്രയുടെ ഇന്ത്യയിലെ ആദ്യ നൈറ്റ് കെയർ സർവീസ് സെൻറർ തെള്ളകത്ത് ഹൊറൈസൺ മഹീന്ദ്ര സർവീസ് സെന്ററിൽ പ്രവർത്തനമാരംഭിച്ചു.

വാണിജ്യ വാഹനങ്ങൾക്കായി ഒരുക്കിയ നൈറ്റ് ഷിഫ്റ്റ് സർവീസ് മഹീന്ദ്ര റീജണൽ കസ്റ്റമർ കെയർ മാനേജർ വി. വിജിത്ത് ഉദ്ഘാടനം ചെയ്തു.

പ്രതിമാസം ഏകദേശം 3,000 വാഹനങ്ങൾക്ക് സർവീസ് നൽകുന്ന കേന്ദ്രത്തിൽ നൈറ്റ് ഷിഫ്റ്റ് ആരംഭിച്ചത് വാണിജ്യ വാഹന ഉടമകൾക്ക് ഏറെ പ്രയോജനകരമാകും.

രാത്രിയിൽ വാഹനങ്ങൾ സർവീസിന് നൽകാൻ കഴിയുന്നത് സ്ഥിരമായി ഉപയോഗിക്കേണ്ടിവരുന്ന വാണിജ്യ വാഹന ഉടമകൾക്ക് സമയലാഭവും പ്രവർത്തന സൗകര്യവും നൽകും.

പ്രാഥമിക ഘട്ടത്തിൽ വാണിജ്യ വാഹനങ്ങൾക്കാണ് നൈറ്റ് കെയർ സർവീസ് ലഭ്യമാക്കുന്നത്.

തുടർന്ന് ഘട്ടംഘട്ടമായി കോട്ടയം, ഇടുക്കി ജില്ലകളിലെ എല്ലാ ഹൊറൈസൺ സർവീസ് സെൻറകളിലേക്കും പദ്ധതി വ്യാപിപ്പിക്കുമെന്ന് ഹൊറൈസൺ മഹീന്ദ്ര മാനേജിംഗ് ഡയറക്ടർ എബിൻ എസ്. കണ്ണികാട്ട് പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ഹോണ്ട എലിവേറ്റിന്റെ പുതിയ പതിപ്പ് അവതരിപ്പിച്ചു

**കൊച്ചി:** ഹോണ്ട കാർസ് ഇന്ത്യ പുതിയ ഹോണ്ട എലിവേറ്റ് അവതരിപ്പിച്ചു. കൂടുതൽ കരുത്തുറ്റ രൂപഭാവം, പ്രീമിയം സൗകര്യങ്ങൾ, നൂതന സാങ്കേതികവിദ്യകൾ എന്നിവയുമായാണ് പുതിയ എലിവേറ്റ് എത്തുന്നത്. പുതിയ ബോൾഡ് മെഷ് ഗ്രിൽ, ട്രൈബാർ എൽഇഡി പൊസിഷൻ ലൈറ്റുകൾ, കണക്റ്റഡ് എൽഇഡി ടെയിൽ ലാമ്പ്, 17 ഇഞ്ച് അലോയ് വീലുകൾ എന്നിവയാണ് പ്രധാന ഡിസൈൻ മാറ്റങ്ങൾ. നോർഡിക് ഫോറസ്റ്റ് പേൾ പുതിയ നിറമായി ലഭിക്കും. 1.5 ലിറ്റർ iVTEC പെട്രോൾ എൻജിനാണ് വാഹനത്തിൽ. മാനുവൽ, സിവിടി ട്രാൻസ്മിഷൻ ഓപ്ഷനുകളുണ്ട്. ഹോണ്ട സെൻസിംഗ് ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങളും 360 ഡിഗ്രി ക്യാമറ, വയർലെസ് ആപ്പിൾ കാർപ്ലേ, ആൻഡ്രോയ്ഡ് ഓട്ടോ തുടങ്ങിയ ഫീച്ചറുകളും വാഹനത്തിലുണ്ട്. ഡൽഹിയിൽ എക്സ്ഷോറൂം വില 11.80 ലക്ഷം രൂപ മുതൽ ആരംഭിക്കും.




**വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെയും വിഗാർഡ് ഫൗണ്ടേഷന്റെയും ഡയറക്ടർ ഡോ. റീനാ മിഥുൻ ചിറ്റിലപ്പിള്ളി 'വാത്സല്യം' പദ്ധതിയിലൂടെ ഭാഗമായി ചൈൽഡ് വെൽഫെയർ കമ്മിറ്റി അധികൃതക്ക് ചെക്ക് കൈമാറുന്നു.**

# വിഗാർഡിന്റെ 'വാത്സല്യം' പദ്ധതിക്ക് തുടക്കമായി

## പത്ത് കുഞ്ഞുങ്ങളുടെ പരിചരണവും സംരക്ഷണവുമായി വിഗാർഡ്

**കൊച്ചി:** വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ സി.എസ്.ആർ പദ്ധതിയായ വാത്സല്യത്തിന് തുടക്കമായി. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി വിഗാർഡ് നടത്തുന്ന വാത്സല്യം പദ്ധതി നവജാതശിശുക്കൾ മുതൽ അഞ്ചു വയസ്സു വരെ പ്രായമുള്ള കുഞ്ഞുങ്ങളുടെ സമഗ്ര സംരക്ഷണത്തിനും വികസനത്തിനുമായാണ് നടപ്പിലാക്കുന്നത്.

സർക്കാർ അംഗീകൃത അനാഥാലയങ്ങളിൽ കഴിയുന്ന 10 കുഞ്ഞുങ്ങളെ ഏറ്റെടുത്ത് അവരുടെ ആവശ്യമായ പോഷകാഹാരം, മികച്ച ആരോഗ്യ പരിപാലനം, ശുചിത്വം, ശിശുപരിപാലന സഹായങ്ങൾ എന്നിവ 'വാത്സല്യം' പദ്ധതിയിലൂടെ വിഗാർഡ് ഉറപ്പാക്കും. കുഞ്ഞുങ്ങളുടെ വളർച്ചയുടെ ഏറ്റവും നിർണായകമായ ആദ്യ കാലങ്ങളിൽ തുടർച്ചയായ പരിചരണം നൽകുന്നതിലൂടെ അവരുടെ ശാരീരികവും മാനസീകവുമായ ക്ഷേമവും മികച്ച ജീവിതസാഹചര്യങ്ങളും ഉറപ്പുവരുത്തുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

വിഗാർഡിന്റെ സിഎസ്ആർ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് പ്രാധാന്യം നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. കുട്ടികളാണ് നമ്മുടെ സമൂഹത്തിന്റെ ഭാവി എന്ന തിരിച്ചറിവോടെയാണ് ഈ പദ്ധതിക്ക് ഞങ്ങൾ തുടക്കം കുറിക്കുന്നത്. കുട്ടികളുടെ ശരിയായ വളർച്ചയ്ക്കും ഭാവിക്കും വഴിതെളിക്കുന്ന ഇത്തരം മഹത്തായ പദ്ധതികൾക്ക് വിഗാർഡ് എപ്പോഴും പിന്തുണ ഉറപ്പാക്കുമെന്ന് വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെയും വിഗാർഡ് ഫൗണ്ടേഷന്റെയും ഡയറക്ടർ ഡോ. റീനാ മിഥുൻ ചിറ്റിലപ്പിള്ളി പറഞ്ഞു .

# വിജിലൻസ് അവബോധ ക്യാമ്പുകൾ

**കൊച്ചി:** എറണാകുളം സോണിലുടനീളം വിജിലൻസ് അവബോധ ക്യാമ്പുകൾ സംഘടിപ്പിച്ച് ബാങ്ക് ഓഫ് ഇന്ത്യ. എറണാകുളം: 2026 ഓഗസ്റ്റ് 17 മുതൽ നവംബർ 16 വരെ സംഘടിപ്പിക്കുന്ന മൂന്ന് മാസം നീണ്ടുനിൽക്കുന്ന വിജിലൻസ് അവബോധ പ്രചാരണത്തിന്റെ ഭാഗമായി, ബാങ്ക് ഓഫ് ഇന്ത്യയുടെ എറണാകുളം സോണിലെ വിവിധ ശാഖകളുടെ നേതൃത്വത്തിൽ സോണിലുടനീളം വിജിലൻസ് അവബോധ ക്യാമ്പുകൾ സംഘടിപ്പിച്ചു. കേന്ദ്ര വിജിലൻസ് കമ്മീഷൻ മുന്നോട്ടുവയ്ക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ പ്രചാരണം സംഘടിപ്പിക്കുന്നത്. 'സമൃദ്ധിക്കായി സത്യസന്ധത' എന്ന പ്രമേയത്തിൽ 2026ലെ വിജിലൻസ് അവബോധ വാരം ഒക്ടോബർ 26 മുതൽ നവംബർ 1 വരെ ആചരിക്കും. അവബോധ പരിപാടികളിൽ ബാങ്ക് ഉദ്യോഗസ്ഥർ അഴിമതി വിരുദ്ധ നടപടികളെക്കുറിച്ചും ഓൺലൈൻ, ഡിജിറ്റൽ തട്ടിപ്പുകളുടെ വിവിധ പുതിയ രീതികളെക്കുറിച്ചും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകി. മണി മ്യൂൾ അക്കൗണ്ടുകൾ, അജഗ ഫയൽ തട്ടിപ്പുകൾ, ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾ തുടങ്ങിയ സാധാരണ സൈബർ തട്ടിപ്പ് രീതികളെക്കുറിച്ചും പ്രത്യേകമായി വിശദീകരിച്ചു. ഡിജിറ്റൽ ഇടപാടുകൾ നടത്തുമ്പോൾ ജാഗ്രത പാലിക്കണമെന്നും സംശയാസ്പദമായ ലിങ്കുകൾ തുറക്കുകയോ അജ്ഞാത ഉറവിടങ്ങളിൽ നിന്നുള്ള ആപ്ലിക്കേഷനുകൾ ഇൻസ്റ്റാൾ ചെയ്യുകയോ ചെയ്യരുതെന്നും പങ്കെടുത്തവർക്ക് നിർദേശം നൽകി. ബാങ്കിംഗ് സംബന്ധമായ രഹസ്യ വിവരങ്ങൾ, പാസ്‌വേഡുകൾ, എന്നിവ ആരുമായും പങ്കിടരുതെന്നും മുന്നറിയിപ്പ് നൽകി. പൊതുജനങ്ങളുടെ സജീവ പങ്കാളിത്തത്തോടെയാണ് ക്യാമ്പുകൾ നടന്നത്. വിജിലൻസ് പ്രോത്സാഹിപ്പിക്കുന്നതിനും സൈബർ തട്ടിപ്പുകൾ തടയുന്നതിനും ഉത്തരവാദിത്തപൂർവമായ ഡിജിറ്റൽ ബാങ്കിംഗ് രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി ബാങ്ക് ഓഫ് ഇന്ത്യ നടത്തുന്ന ഇത്തരം പ്രവർത്തനങ്ങളെ പങ്കെടുത്തവർ അഭിനന്ദിച്ചു. പൊതുജനങ്ങളിൽ വിജിലൻസ് ബോധം ശക്തിപ്പെടുത്തുന്നതിനും സുരക്ഷിതവും ഉത്തരവാദിത്തപൂർവവുമായ ബാങ്കിംഗ് രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി ബാങ്ക് തുടർന്നും വിവിധ അവബോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.




# ഫ്ളിപ്കാർട്ട് ബിഗ് ബില്യൺ ഡേയ്സിൽ മോട്ടോറോള ഫോണുകൾക്ക് പ്രത്യേക ഓഫറുകൾ

**ന്യൂദൽഹി:** ഫ്ളിപ്കാർട്ട് ബിഗ് ബില്യൺ ഡേയ്സ് സെയ്‌ലിനോടനുബന്ധിച്ച് മോട്ടോറോള തങ്ങളുടെ ഏറ്റവും പുതിയ സ്മാർട്ട്ഫോൺ നിരയിൽ ഉത്സവകാല ഓഫറുകൾ പ്രഖ്യാപിച്ചു. മോട്ടോറോള എഡ്ജ് 70 ഫ്യൂഷൻ, എഡ്ജ് 70 പ്രോ, എഡ്ജ് 70 പ്രോ പ്ലസ്, മോട്ടോ ജി37 പവർ, മോട്ടോറോള സിഗ്നേച്ചർ എന്നിവയാണ് പ്രധാന മോഡലുകൾ. ഒക്ടോബർ 8 ന് 'ഏർലി ആക്സസും' (മുൻകൂട്ടിയുള്ള പ്രവേശനം) ഒക്ടോബർ 9ന് പൊതുവിൽപ്പനയും ആരംഭിക്കും.

എഡ്ജ് 70 ഫ്യൂഷൻ 29,749 രൂപ മുതൽ, എഡ്ജ് 70 പ്രോ 36,999 രൂപ മുതൽ, എഡ്ജ് 70 പ്രോ പ്ലസ് 44,999 രൂപ, മോട്ടോ ജി37 പവർ 15,999 രൂപ മുതൽ, മോട്ടോറോള സിഗ്നേച്ചർ 57,249 രൂപ മുതൽ ലഭിക്കും. എഡ്ജ് 70 ഫ്യൂഷനിൽ 7000 എംഎഎച്ച് ബാറ്ററി, 50എംപി ക്യാമറ; എഡ്ജ് 70 പ്രോയിൽ ട്രിപ്പിൾ 50എംപി ക്യാമറ; പ്രോ പ്ലസിൽ 50എംപി ക്യാമറയും 50X എഐ സൂമും; മോട്ടോ ജി37 പവറിൽ 7000എംഎഎച്ച് ബാറ്ററിയും സിഗ്നേച്ചറിൽ 100X സൂം, 8കെ ഡോൾബി വിഷൻ എന്നിവയും ഉൾപ്പെടുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# യൂറോപ്പിലെ മിസാനോയിൽ അരങ്ങേറ്റം കുറിച്ച് ടിവിഎസ് റേസിംഗ് ഇന്റർനാഷണൽ ചാമ്പ്യൻഷിപ്പ്

**കൊച്ചി:** മുൻനിര ഇരുചക്ര വാഹന നിർമ്മാണ കമ്പനിയായ ടിവിഎസ് മോട്ടോർ കമ്പനി 2026ലെ ടിവിഎസ് റേസിംഗ് ഇന്റർനാഷണൽ ചാമ്പ്യൻഷിപ്പിന് ഇറ്റലിയിലെ മിസാനോ വേൾഡ് സർക്യൂട്ടിൽ തുടക്കം കുറിച്ചു. ഒക്ടോബർ രണ്ട് മുതൽ നാല് വരെ നടന്ന ഈ യൂറോപ്യൻ അരങ്ങേറ്റം കമ്പനിയുടെ ആഗോള യാത്രയിലെ ഒരു സുപ്രധാന നാഴികക്കല്ലാണ്.

നാല് ഭൂഖണ്ഡങ്ങളിലെ 12 രാജ്യങ്ങളിൽ നിന്നുള്ള ഏറ്റവും വേഗതയേറിയ 14 റേസർമാരാണ് ഈ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തത്. ആധുനിക സാങ്കേതികവിദ്യകളുള്ള ടിവിഎസ് അപ്പാച്ചെ ആർആർ 310 റേസ് സ്പെക് ബൈക്കുകളിലാണ് ഇവർ മത്സരിച്ചത്. മലേഷ്യ, തായ്‌ലൻഡ്, ജപ്പാൻ, ഇന്തോനേഷ്യ തുടങ്ങിയ ഏഷ്യൻ രാജ്യങ്ങളിൽ അഞ്ച് റൗണ്ടുകളിലായി വിജയകരമായി സംഘടിപ്പിച്ചതിന് ശേഷമാണ് ടിവിഎസ് റേസിംഗ് ഇപ്പോൾ യൂറോപ്പിലേക്കും വ്യാപിപ്പിച്ചിരിക്കുന്നത്. 90ലധികം അന്താരാഷ്ട്ര വിപണികളിൽ സാന്നിധ്യമുള്ള ടിവിഎസ്, തങ്ങളുടെ ഉൽപ്പന്നങ്ങളുടെ മികവിലൂടെ ആഗോളതലത്തിൽ സ്ഥാനം കൂടുതൽ ശക്തമാക്കുകയാണ്.

ടിവിഎസ് മോട്ടോറിന്റെ ഇരുചക്ര വാഹന ശ്രേണിയുടെ അന്താരാഷ്ട്ര വളർച്ചയുടെ ഭാഗമാണ് ടിവിഎസ് റേസിങ്ങിന്റെ ഈ ആഗോളവത്കരണം. ടിആർഐഎസി പുതിയ വിപണികളിലേക്ക് വ്യാപിക്കുന്നതിനൊപ്പം ടിവിഎസ് അപ്പാച്ചെ ശ്രേണിയും ആഗോളതലത്തിൽ കൂടുതൽ സാന്നിധ്യം ശക്തമാക്കുകയാണ്. അപ്പാച്ചെ ശ്രേണിക്ക് ലോകമെമ്പാടുമായി 70 ലക്ഷത്തിലധികം ഉപഭോക്താക്കളാണ് നിലവിലുള്ളത്.

# ഡെസ്റ്റിനേഷൻ എക്സ്പാൻഡ് നോർത്ത് സ്റ്റാർ' ദേശീയ റോഡ്ഷോ ഇന്ന്

**കോഴിക്കോട്:** കേരളത്തിന്റെ മുൻനിര ഐടിസ്റ്റാർട്ടപ്പ് ഹബ്ബുകളിലൊന്നായി അതിവേഗം ശക്തിപ്പെടുന്ന കോഴിക്കോടിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടി, ദുബായ് വേൾഡ് ട്രേഡ് സെന്റർ ആസ്ഥാനമായുള്ള സെൻട്രൽ സംഘടിപ്പിക്കുന്ന 'ഡെസ്റ്റിനേഷൻ എക്സ്പാൻഡ് നോർത്ത് സ്റ്റാർ' ദേശീയ റോഡ്ഷോയ്ക്ക് ഇന്ന് (ശനിയാഴ്ച) കോഴിക്കോട്ട് തുടക്കമാകും. അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയമായ എക്സ്പാൻഡ് നോർത്ത് സ്റ്റാർ 2026, ജൈടെക്സ് ഗ്ലോബൽ മേളകളിലേക്ക് ഇന്ത്യൻ സംരംഭകർക്ക് നേരിട്ട് പ്രവേശനം ഒരുക്കുന്ന സമ്മേളനം ഹൈലൈറ്റ് ബിസിനസ് പാർക്കിലാണ് നടക്കുന്നത്.

സർക്കാർ ഉടമസ്ഥതയിലുള്ള സൈബർപാർക്ക്, ഹൈലൈറ്റ് ബിസിനസ് പാർക്ക്, കാഫിറ്റ് എന്നിവയുടെ സംയുക്ത പങ്കാളിത്തത്തിലാണ് റോഡ്ഷോ സംഘടിപ്പിക്കുന്നത്. നൂതന സാങ്കേതിക സ്റ്റാർട്ടപ്പുകൾ, പ്രമുഖ ഐടി സംരംഭങ്ങൾ, നൈപുണ്യ ശേഷിയുള്ള ജീവനക്കാർ തുടങ്ങിയവയാണ് കോഴിക്കോടിന്റെ കരുത്ത്. നഗരത്തിന്റെ സുശക്തമായ ഐടി ആവാസവ്യവസ്ഥയെയും വളർച്ചാ സാധ്യതകളെയും മുൻനിർത്തിയാണ് രാജ്യത്തെ പ്രമുഖ നഗരങ്ങളിൽ നടക്കുന്ന റോഡ്ഷോയുടെ ഉദ്ഘാടന വേദിയായി കോഴിക്കോടിനെ തിരഞ്ഞെടുത്തത്.

പ്രാദേശിക സംരംഭങ്ങൾക്ക് അന്താരാഷ്ട്ര നിക്ഷേപകരുമായും ആഗോള വിപണിയുമായും നേരിട്ട് കൈകോർക്കാനുള്ള സുവർണാവസരമാണ് ഇതിലൂടെ തുറന്നുകിട്ടുന്നത്. ഇന്ത്യൻ ടെക്നോളജി സംരംഭകർക്ക് വിദേശ വിപണികളിലേക്ക് പ്രവേശനം നേടാനും ആഗോള നിക്ഷേപം കണ്ടെത്താനും അവസരമൊരുക്കുകയാണ് ലക്ഷ്യം. കോഴിക്കോടിന് പുറമെ കൊച്ചി, തിരുവനന്തപുരം, കന്യാകുമാരി, കോയമ്പത്തൂർ, ചെന്നൈ, ബാംഗ്ലൂർ തുടങ്ങിയ നഗരങ്ങളിലേക്കും റോഡ്ഷോ വ്യാപിപ്പിക്കും.

സൈബർപാർക്ക്, ഇൻഫോപാർക്ക്, ടെക്നോപാർക്ക്, കൂടാതെ സ്റ്റാർട്ടപ്പ് ടിഎൻ, കർണാടക ഡിജിറ്റൽ ഇക്കോണമി മിഷൻ , ജിടെക്, വേൾഡ് ട്രേഡ് സെന്റർ (ചെന്നൈ,ബംഗളൂരു, കൊച്ചി) തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പരിപാടി നടക്കുന്നത്.

റോഡ് ഷോയിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന 100 ഇന്ത്യൻ സ്റ്റാർട്ടപ്പ് സ്ഥാപകർക്ക് ദുബായിൽ നടക്കുന്ന എക്സ്പാൻഡ് നോർത്ത് സ്റ്റാർ, ജൈടെക്സ് ഗ്ലോബൽ മേളകളിൽ പങ്കെടുക്കാനുള്ള ഏഴു ദിവസത്തെ പ്രത്യേക അവസരം ലഭിക്കും. ദുബായ് വേൾഡ് ട്രേഡ് സെന്ററിലെ സെൻട്രൽ ബിസിനസ് ഹബ്ബ് കേന്ദ്രീകരിച്ചാകും ഇവരുടെ സന്ദർശനം.

പ്രദർശനം സന്ദർശിച്ച് മടങ്ങുക എന്നതിലുപരി, ആഗോള വിപണിയിൽ ദീർഘകാല പങ്കാളിത്തങ്ങളും നിക്ഷേപങ്ങളും കണ്ടെത്താൻ സംരംഭകരെ പ്രാപ്തരാക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് സെൻട്രൽ ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ റഹീസ് റഷത്തുള്ള വ്യക്തമാക്കി. കോഴിക്കോട് പോലെ വളർന്നുവരുന്ന ഐടി ഹബ്ബുകളിലെ പ്രതിഭകൾക്ക് ദുബായ് വഴി ആഗോളതലത്തിലേക്ക് വളരാനുള്ള കൃത്യമായ വഴികാട്ടിയാകും ഈ സംരംഭമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

കോഴിക്കോട് നടക്കുന്ന റോഡ് ഷോയിൽ ഐടി സംരംഭകർ, നിക്ഷേപകർ, വ്യവസായ പ്രമുഖർ എന്നിവർ പങ്കെടുക്കും. ആഗോള വിപണി വികസനം, നിക്ഷേപ സാധ്യതകൾ, ബിസിനസ് അവസരങ്ങൾ എന്നിവയെക്കുറിച്ച് വിദഗ്ധർ ചർച്ച ചെയ്യും. രജിസ്ട്രേഷനായി https://roadshow.zetnral.world എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് admin@zetnral.world എന്ന ഇമെയിലിലോ www.zetnral.world എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

# കൃഷിയെ സംരംഭമാക്കാൻ അഗ്രികോൺ 2026' ഒക്ടോബർ 16ന്

**തൃശൂർ:** കർഷകർക്ക് ആധുനിക സാങ്കേതികവിദ്യകൾ, പുതിയ വിപണിസാധ്യതകൾ, കാർഷിക സംരംഭകത്വം എന്നിവ പരിചയപ്പെടുത്തുന്നതിനായി സംഘടിപ്പിക്കുന്ന 'അഗ്രികോൺ 2026' ഒക്ടോബർ 16ന് കേരള കാർഷിക സർവകലാശാലയിൽ നടക്കും. ടൈ കേരളയും കേരള കാർഷിക സർവകലാശാലയും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

കൃഷിയെ കൂടുതൽ ലാഭകരവും സുസ്ഥിരവുമായ സംരംഭമാക്കി മാറ്റുന്നതിനുള്ള സാധ്യതകൾ പരിചയപ്പെടുത്തുകയാണ് പരിപാടിയുടെ ലക്ഷ്യം. ആധുനിക കാർഷിക യന്ത്രവൽക്കരണം, സാങ്കേതികവിദ്യകളുടെ പ്രയോഗം, മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമാണം, പുതിയ വിപണികൾ, അഗ്രിസ്റ്റാർട്ടപ്പുകൾ, കാർഷിക സംരംഭകത്വം തുടങ്ങിയ മേഖലകളിൽ നടക്കുന്ന മുന്നേറ്റങ്ങൾ പരിപാടിയിൽ ചർച്ചയാകും.

കൃഷിയെ വിജയകരമായ സംരംഭമാക്കി മാറ്റുന്നതിനുള്ള മാർഗങ്ങൾ, കാർഷിക മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ, ഉൽപ്പന്നങ്ങൾക്ക് മൂല്യവർധന ഉറപ്പാക്കുന്നതിനുള്ള സാധ്യതകൾ, പുതിയ തലമുറയിലെ കാർഷികസാങ്കേതിക സ്റ്റാർട്ടപ്പുകൾ എന്നിവയെക്കുറിച്ച് അറിയാൻ കർഷകർക്കും സംരംഭകർക്കും അവസരമൊരുക്കും. കർഷകർ, സംരംഭകർ, സ്റ്റാർട്ടപ്പ് പ്രതിനിധികൾ, ഗവേഷകർ, വ്യവസായ വിദഗ്ധർ എന്നിവർക്ക് ആശയങ്ങൾ പങ്കുവയ്ക്കാനും പരസ്പര സഹകരണത്തിനുള്ള സാധ്യതകൾ കണ്ടെത്താനും വേദിയുണ്ടാകും.

പരിപാടിയുടെ ഭാഗമായി കാർഷിക മേഖലയിലെ നൂതന ആശയങ്ങളുമായി എത്തുന്ന സ്റ്റാർട്ടപ്പുകൾക്കായി പിച്ചിങ് മത്സരവും സംഘടിപ്പിക്കും. കാർഷിക ഉൽപ്പന്നങ്ങൾ, സാങ്കേതികവിദ്യകൾ, യന്ത്രങ്ങൾ, സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങൾ എന്നിവ പരിചയപ്പെടുത്തുന്ന പ്രദർശനവും സ്റ്റാളുകളും ഒരുക്കും.

കാർഷിക മേഖലയിലെ പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്ന കർഷകർ, കാർഷിക സംരംഭകർ, പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ താൽപര്യമുള്ളവർ എന്നിവർക്ക് പരിപാടിയിൽ പങ്കെടുക്കാം.

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും https://events.tie.org/AGRICON2026 എന്ന വെബ്സൈറ്റ് സന്ദർശിക്കാം. കൂടുതൽ വിവരങ്ങൾക്ക് 7025888862, 7025888872 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

# ഡീടോക്സ്ഡിസൈനർ ടോക്സ് 21ന്

**കൊച്ചി:** ഡീടോക്സ്ഡിസൈനർ ടോക്സ്, ഒക്ടോബർ 21ന് കൊച്ചി ആർക്കിടെക്റ്റുകൾ, ഇന്റീരിയർ ഡിസൈനർമാർ എന്നിവർക്കു വേണ്ടി ഡിസൈനർ പ്ലസ് ബിൽഡർ മാഗസിൻ നടത്തുന്ന ഡീടോക്സ് പ്രഭാഷണ പരമ്പരയുടെ രണ്ടാമത്തെ സെഷൻ ഒക്ടോബർ 21 ന് നടക്കും. കലൂർ ഐഎംഎ ഹൗസിലെ സീയൂസ് ഹാളിൽ വൈകിട്ട് ആറു മുതലാണ് പരിപാടി. ദേശീയ തലത്തിൽ പ്രശസ്തനായ ബ്രാൻഡ് ഗുരു പ്രതാപ് സുതനാണ് പ്രഭാഷകൻ. ആർക്കിടെക്റ്റ്സ്എലിവേറ്റ് ബ്രാൻഡ്എൻഹാൻസ് പ്രാക്ടീസ് എന്നതാണ് പ്രഭാഷണ വിഷയം. ആർക്കിടെക്റ്റുകളുടെ ബ്രാൻഡ് മൂല്യം ഉയർത്തി, പ്രാക്ടീസ് വളർത്താനും അവരുടെ പ്രവർത്തന മേഖലവിപുലീകരിക്കാനുമാണ്

ഡീടോക്സിന്റ്റെ ഈ ടോക്ക് ഷോ ലക്ഷ്യമിടുന്നത്. ഈ പരിപാടിയിലേക്ക് മുൻകൂട്ടി ബുക്ക് ചെയ്യേണ്ട അവസാന തിയതി ഒക്ടോബർ 10 ആണ്. രജിസ്ട്രർ ചെയ്യേണ്ട വെബ്സൈറ്റ് https://eventsdesignerpublications.com,വിവരങ്ങൾക്ക്, ഫോൺ 8943359222

# പ്രോട്ടീൻ ഉപഭോഗത്തിലെ ഏറ്റവും വലിയ കുറവ് കൊച്ചിയിലെന്ന് പഠനം

**കൊച്ചി:** രാജ്യത്തെ അഞ്ച് പ്രമുഖ നഗരങ്ങളിൽ നടത്തിയ പഠനത്തിൽ പ്രോട്ടീന്റെയും ഫൈബറിന്റെയും ഉപഭോഗത്തിൽ ഏറ്റവും വലിയ കുറവ് കൊച്ചിയിൽ കണ്ടെത്തി. പെപ്സികോ ഇന്ത്യ, യൂറോമോണിറ്റർ ഇന്റർനാഷണൽ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ച് എന്നിവർ ചേർന്ന് നടത്തിയ 'ദി സ്റ്റേറ്റ് ഓഫ് പ്രോട്ടീൻ & ഫൈബർ ഇൻ അർബൻ ഇന്ത്യ' എന്ന പഠനത്തിലാണ് ഈ വിവരമുള്ളത്. ഡൽഹി, മുംബൈ, ബെംഗളൂരു, കൊൽക്കത്ത, കൊച്ചി എന്നീ നഗരങ്ങളിൽ നടത്തിയ സർവേയിലാണ് ഈ കണ്ടെത്തൽ

കൊച്ചിയിലെ 73 ശതമാനം പേരും 41 ഗ്രാമിൽ താഴെ മാത്രം പ്രോട്ടീൻ കഴിക്കുന്നവരാണെന്നും, 64 ശതമാനം പേർ ആവശ്യമായ അളവിൽ ഫൈബർ കഴിക്കുന്നില്ലെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. .മികച്ച പോഷകാഹാരം ദൈനംദിന ജീവിതത്തിൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) യുടെ പിന്തുണയോടെ സംഘടിപ്പിച്ച ചടങ്ങിലാണ് പഠന റിപ്പോർട്ട് പുറത്തുവിട്ടത്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com